(സി) വ്യവസായ മാലിന്യങ്ങൾമൂലം രോഗികളാകുന്നവരെ സഹായിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത്തരം രോഗികളെ സഹായിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുമോ ?

ഉത്തരം

(എ) വ്യവസായശാലകൾമൂലമുള്ള മലിനീകരണം നിയന്ത്രിക്കാനുള്ള നടപടികൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും സ്വീകരിച്ചുവരുന്നു. വ്യവസായശാലകൾ സ്ഥാപിക്കുന്നതിനുമുമ്പായി മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും സ്ഥാപനാനുമതി കരസ്ഥമാക്കേണ്ടതും പ്രവർത്തിപ്പിക്കുന്നതിന് മുമ്പായി പ്രവർത്തനാനുമതി കരസ്ഥമാക്കേണ്ടതുമാണ്. വ്യവസായശാലകൾക്കുള്ള സ്ഥാപനാനുമതി പരിഗണിക്കുന്ന വേളയിൽ, സ്ഥാപനങ്ങൾ അടുത്ത വീടുകളിൽനിന്നും, അടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ/ കോടതി/ പൊതു കാര്യാലയം/ ആശുപത്രി/ ആരാധനാലയം/ കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയവയിൽ നിന്നും പാലിക്കേണ്ട കുറഞ്ഞ ദൂരപരിധി നിഷ്കർഷിക്കുന്നതിനോടൊപ്പം ജലം, വായു മലിനീകരണം നിയന്ത്രിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നിഷ്കർഷിക്കുന്നു. ഡി&ഒ ലൈസൻസ് നൽകുന്ന സമയത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യമായ പരിശോധന നടത്തുന്നു. പരാതി ലഭിക്കുന്ന മുറയ്ക്ക് വ്യവസായ വകുപ്പ് പ്രശ്ന പരിഹാരത്തിനായി ഇടപെടുകയും ചെയ്യുന്നു.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായത്തോടെ സന്നദ്ധ സംഘടനകൾ പരിശോധനാ ക്യാമ്പുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കാറുണ്ട്.

(സി) വ്യവസായ മാലിന്യങ്ങൾമൂലം രോഗികളാകുന്നവരെ സഹായിക്കുന്നതിനായി പ്രത്യേകം പദ്ധതികൾ കമ്പനികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

സ്വകാര്യവൽക്കരണം പൊതുമേഖലയ്ക്ക് ഉണ്ടാക്കിയ കോട്ടം-സമഗ്രപഠനം

253 (T598) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 20 വർഷങ്ങളായി രാജ്യത്ത് നടപ്പിലാക്കിവരുന്ന സ്വകാര്യ വൽക്കരണപ്രക്രിയ തനതായ പൊതുമേഖലാവ്യവസായങ്ങൾക്ക് എന്ത് കോട്ടം ഉണ്ടാക്കി എന്നത് സമഗ്ര പഠനത്തിന് വിധേയമാക്കിയിട്ടുണ്ടോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ അത്തരത്തിലുള്ള ഒരു പഠനത്തിന് ശ്രമിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

വ്യവസായവകുപ്പിൻ കീഴിലുള്ള സിക്ക് യൂണിറ്റുകളെ പ്രവർത്തനക്ഷമമാക്കാൻ നടപടി

254 (599) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യവസായ വകുപ്പിൻ കീഴിലുള്ള സിക്ക് യൂണിറ്റുകളെ പ്രവർത്തനക്ഷമ മാക്കുന്നതിന് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

വ്യവസായ വകുപ്പിൻ കീഴിലുള്ള സിക്ക് യൂണിറ്റുകളെ പ്രവർത്തനക്ഷമ മാക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ്.

മൾട്ടി ലെവൽ മാർക്കറ്റിംഗും നിയമനിർമ്മാണവും

255 (600) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൾട്ടി ലെവൽ മാർക്കറ്റിംഗ് ക്രമീകരിക്കുന്നതിനായി നിയമനിർമ്മാണം നടത്തുമെന്ന് ട്രേഡ് യൂണിയനുകൾക്ക് നൽകിയ ഉറപ്പ് പാലിക്കാൻ എന്ത് നടപടിയാണ് കൈക്കൊണ്ടത് ;

(ബി) പ്രസ്തുത നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) മൾട്ടിലെവൽ മാർക്കറ്റിംഗ് കമ്പനികൾ അവരുടെ ഡിസ്ട്രിബ്യൂട്ടർമാർ, ഏജന്റുമാർ എന്നിവർ അവരുടെ വിറ്റുവരവ് എത്രതന്നെയായിരുന്നാലും കേരള മൂല്യവർദ്ധിത നികുതി നിയമത്തിനുകീഴിൽ രജിസ്ട്രേഷൻ എടുക്കേണ്ടതും നികുതി അടയ്ക്കേണ്ടതുമാണ് എന്ന് 2015-ലെ ധനകാര്യ ബില്ലിലൂടെ വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ മൾട്ടിലെവൽ മാർക്കറ്റിംഗ് കമ്പനികളെ നിയന്ത്രിക്കാൻ മറ്റൊരു നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly